**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.936.** **04.03.2020 ൽ മറുപടിയ്ക്ക്**

**നിരോധിത പുകയില ഉത്പന്നങ്ങളുടെ ഉപഭോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.ആർ. രാമചന്ദ്രൻ.** | | **ശ്രീ.ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** | |
| (എ) | നിരോധിത പുകയില ഉത്പന്നങ്ങളുടേയും ലഹരി വസ്തുക്കളുടേയും ഉപഭോഗം ഇല്ലാതാക്കുന്നതിനുവേണ്ടി എക്സൈസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദീകരിക്കുമോ; | (എ) | ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിലൂടെയും ബോധവൽക്കരണത്തിലൂടെയും നിരോധിത പുകയില ഉത്പന്നങ്ങളുടെയും ലഹരി വസ്തുക്കളുടെയും ഉപഭോഗം ഇല്ലാതാക്കാൻ എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ച് വരികയാണ്. ലഹരി ഉപയോഗം കുറക്കുവാനും അവയുടെ വ്യാപനം തടയുന്നതിനുമായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് പുറമേ മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് സർക്കാർ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി രൂപീകരിച്ചിട്ടുള്ളതും പ്രസ്തുത മിഷന്റെ കീഴിൽ SPC, NSS, Scout & Guides, Library Council, Sports Council, സ്കൂൾ കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ സഹകരണത്തോടുകൂടി ബഹുജന പങ്കാളിത്തത്തോടെ ലഹരിയുടെ ഉപയോഗം കുറച്ചു കൊണ്ട് വരുന്നതിന് വേണ്ടി വൈവിധ്യങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് |

| | | | |
|---|---|---|---|
| | | | വരികയാണ്. ലഹരിക്കടിമപ്പെട്ടവർക്ക് സൗജന്യ കൗൺസലിംഗ്, ചികിത്സ എന്നിവ നൽകുന്നതിനു വേണ്ടി 3 മേഖലാ കൗൺസലിംഗ് സെന്ററുകളും 14 ജില്ലയിലും ഓരോ ഡി-അഡിക്ഷൻ സെന്ററുകളും ആരംഭിച്ചിട്ടുണ്ട്. വിദ്യാർഥികളിലെ ലഹരിയുപയോഗം തടയുന്നതിനായി സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. നിലവിൽ കോളേജ് തലത്തിൽ 899 ക്ലബ്ബുകളും സ്കൂൾ തലത്തിൽ 4842 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. കൂടാതെ ലഹരിയുമായി ബന്ധപ്പെട്ട പരാതികൾ ലഹരി മാഫിയയെ ഭയക്കാതെയും തന്റെ വ്യക്തിത്വം വെളിപ്പെടുത്താതെയും ലഹരിപദാർത്ഥങ്ങളുടെ ഉപഭോഗം, വിപണനം, സംഭരണം തുടങ്ങിയവ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികൃതരെ അറിയിക്കുവാൻ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ ലഹരിവിരുദ്ധ ക്ലബ്ബുകൾ പ്രവൃത്തിക്കുന്ന സ്കൂളുകളിലും എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, എക്സൈസ് വകുപ്പിന്റെ എല്ലാ ഓഫീസുകളിലും പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുള്ളതും ടോൾ ഫ്രീ നമ്പർ, വാട്ട്സ് ആപ്പ് നമ്പർ, വിമുക്തി മൊബൈൽ ആപ്ലിക്കേഷൻ തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | അന്യസംസ്ഥാന തൊഴിലാളികൾക്കിടയിൽ വ്യാപകമായ ലഹരി ഉപഭോഗത്തെ നിയന്ത്രിക്കുന്നതിന് നടപ്പിലാക്കിയിട്ടുള്ള പരിപാടികളുടെ വിശദാംശം നൽകുമോ; | (ബി) | ഇതര സംസ്ഥാന തൊഴിലാളികൾക്കിടയിലെ ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ "വിമുക്തി" മിഷന്റെ ആഭിമുഖ്യത്തിൽ എല്ലാ ജില്ലയിലും ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. "കിസ്മത്ത്" എന്ന സന്നദ്ധ സംഘടനയുമായി |

| | | | |
|---|---|---|---|
| | | | സഹകരിച്ചു കൊണ്ടും ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. കൂടാതെ നാട്ടു കവലകളും ലേബർ ക്യാമ്പുകളും കേന്ദ്രീകരിച്ചു ബോധവൽക്കരണ ആശയങ്ങൾ ഉൾക്കൊള്ളുന്ന ലഘുലേഖകളും വിതരണം ചെയ്തു വരുന്നു. |
| (സി) | ലഹരി വസ്തുക്കൾ വിപണനം നടത്തിയതിന് ജയിൽ ശിക്ഷ കഴിഞ്ഞ് പുറത്തിറങ്ങുന്നവരെ ആവശ്യമായ ബോധവൽക്കരണത്തിലൂടെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയുണ്ടോ; വിശദീകരിക്കുമോ? | (സി) | ലഹരി വസ്തുക്കളുടെ വിപണനം നടത്തുന്നതിനെതിരെയും അവയുടെ ഉപയോഗത്തിനെതിരെയും സംസ്ഥാനത്തെ വിവിധ ജയിലുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്നാൽ ലഹരി വസ്തുക്കളുടെ വിപണനം നടത്തിയതിനു ജയിൽ ശിക്ഷ കഴിഞ്ഞു പുറത്തിറങ്ങുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികൾ യാതൊന്നും എക്സൈസ് വകുപ്പും വിമുക്തി മിഷനും ഏറ്റെടുത്ത് നടത്തുന്നില്ല. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ